## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 5258 — 01.07.2014-ൽ മറുപടിയ്ക്ക്

# രാജീവ്ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജന പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ :<br>ശ്രീ. എം. വി. ശ്രേയാംസ് കുമാർ :<br>ശ്രീ. പി. സി. ജോർജ്ജ് :<br>ഡോ. എൻ. ജയരാജ് : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ രാജീവ്ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജനയുടെ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; വ്യക്തമാക്കുമോ ; | (എ) ആർ. ജി. ജി. വി. വൈ പദ്ധതി 10-ാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തി ഇടുക്കി ജില്ലയിൽ നടപ്പിലാക്കി. 12-ാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തി വീണ്ടും ആർ. ജി. ജി. വി. വൈ പദ്ധതി ഇടുക്കിയിൽ നടപ്പിലാക്കുന്നതിന് ഡി. പി. ആർ, ആർ. ഇ. സി. യ്ക്ക് സമർപ്പിച്ചു.<br>കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, വയനാട്, മലപ്പുറം എന്നീ ജില്ലകളിൽ ആർ. ജി. ജി. വി. വൈ പദ്ധതി 98 ശതമാനത്തോളം പൂർത്തിയായി. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകളിൽ 30-09-2014 ഓടു കൂടി ഈ പദ്ധതി പൂർത്തീകരിക്കാനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. |
| (ബി) ഫണ്ടിന്റെ അപര്യാപ്തത പ്രസ്തുത പദ്ധതിയുടെ സുഗമമായ പ്രവർത്തനത്തിന് വിഘാതം സൃഷ്ടിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നല്കുമോ ; | (ബി) കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, വയനാട്, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിൽ പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ടി ആർ.ഇ.സി.യിൽ നിന്നും 3 ഗഡുക്കൾ ലഭിച്ചു. 4- ാ മത്തെ ഗഡു (അവസാനത്തേത്) പദ്ധതി പൂർത്തീകരിച്ച്, പൂർത്തീകരണ റിപ്പോർട്ട് സമർപ്പിക്കുമ്പോൾ ലഭിക്കും. ഈ ജില്ലകളിൽ ലഭിച്ചതിൽ കൂടുതൽ ആവശ്യമായ തുക, ബോർഡിന്റെ ഫണ്ടിൽ നിന്നും എടുത്ത് പ്രവൃത്തികൾ പൂർത്തീകരിച്ചു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, എന്നീ 7 ജില്ലകളിൽ പദ്ധതി നടപ്പിലാക്കുന്നതിന് ആദ്യ ഗഡു ലഭിച്ചു. 2- ാ മത്തെ ഗഡു ഈ മാസം ലഭിക്കും. ഈ ജില്ലകളിലും ആവശ്യമായി വന്ന അധിക തുക ബോർഡ് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. |

(സി) പുനർസമർപ്പിക്കപ്പെട്ട ഡി. പി. ആർ അനുസരിച്ച് പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുള്ള ആർ. ഇ. സി. യുടെ അംഗീകാരം ഏതെല്ലാം ജില്ലകൾക്കു ലഭിച്ചു വെന്ന് അറിയിക്കുമോ ; ഇതിൻെറ ആകെ അടങ്കൽ എത്രയാണ് ; പദ്ധതി പ്രവർത്തനങ്ങൾ ഇതിനോടകം ആരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ ;

(സി) പുനർസമർപ്പിക്കപ്പെട്ട ഡി.പി.ആർ.ന് ആർ.ഇ.സി. യുടെ അംഗീകാരം ഇതുവരെ ലഭിച്ചിട്ടില്ല. എങ്കിലും, അനുമതി കിട്ടിയ ഡി.പി.ആർ-ൽ ഇല്ലാത്ത പ്രദേശങ്ങളിലെ പ്രവൃത്തികൾ പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്നുണ്ട്. പദ്ധതി പൂർത്തിയാക്കി പൂർത്തിയാക്കൽ റിപ്പോർട്ട് സമർപ്പിച്ച് അംഗീകാരം ആർ.ഇ.സി.യിൽ നിന്നും വാങ്ങാവുന്നതാണ്. അടങ്കൽ തുകയിൽ മാറ്റമില്ല. അംഗീകാരം ലഭിച്ച അടങ്കൽ തുക ചുവടെചേർക്കുന്നു.

| | ജില്ല | തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | കാസർഗോഡ് | 1460.71 |
| 2 | കണ്ണൂർ | 1971.40 |
| 3 | കോഴിക്കോട് | 1692.93 |
| 4 | വയനാട് | 1433.44 |
| 5 | പാലക്കാട് | 1635.40 |
| 6 | മലപ്പുറം | 3263.46 |
| 7 | തൃശ്ശൂർ | 1262.70 |
| 8 | എറണാകുളം | 2471.24 |
| 9 | ആലപ്പുഴ | 1366.810 |
| 10 | കോട്ടയം | 796.510 |
| 11 | പത്തനംതിട്ട | 575.65 |
| 12 | കൊല്ലം | 328.05 |
| 13 | തിരുവനന്തപുരം | 2182.13 |

| | | | |
|---|---|---|---|
| (ഡി) | സംസ്ഥാനത്തെ ആർ. ജി. ജി. വി. വൈയുടെ പ്രവർത്തനങ്ങൾ സമയ ബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ ? | (ഡി) | കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, വയനാട്, മലപ്പുറം എന്നീ ജില്ലകളിൽ പദ്ധതി പ്രവൃത്തികൾ 30.06.2014 ഓടു കൂടി പൂർത്തീകരിക്കും. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, എന്നീ ജില്ലകളിൽ 30.09.2014 ന് പദ്ധതി പ്രവൃത്തികൾ പൂർത്തീകരിക്കും. ഇതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ.